POOR STUDENTS—SUPPLY OF NOON-DAY MEALS—ESTIMATE OF EXPENDITURE

166. മിസ്റ്റർ ബി. എം. പീററർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു സദയം മറുപടി പറയുമൊ.—

(എ) ദരിദ്രരായ സ്കൂൾ കുട്ടികൾക്കു് ഉച്ചഭക്ഷണം സൌജന്യമായി കൊടുക്കുന്നതായാൽ ചുരുങ്ങിയതു് എത്രസംഖ്യ കൊല്ലത്താൽ ഗവമ്മെണ്ടിനു ചിലവുവരുമെന്നു പറയാമൊ;

(ബി) ഇതിനെപ്പററി വല്ല സർക്കുലറും ഗവമ്മെണ്ടിൽനിന്നും സ്കൂൾ മാനേജർമാർക്കു് അയച്ചിട്ടുണ്ടൊ;

(സി) വല്ല സ്കൂളുകളിലും ഇതുപ്രകാരം സമ്മതിച്ചു് ഇപ്പോൾ ഉച്ചഭക്ഷണം കൊടുത്തുവരുന്നുണ്ടൊ?

റാവു സാഹിബു് ഐ. എൻ. മേനോൻ:

(എ) വിശദമായ ഒരു കണക്കെടുത്തിട്ടില്ല.

(ബി) ഇല്ല. പരീക്ഷാർത്ഥം മാത്രം സ്കൂളുകളിൽനിന്നും ദരിദ്രരായ കുട്ടികളുടെ എണ്ണം വരുത്തിനോക്കി.

(സി) ഉത്തരം ആവശ്യമില്ല.

KALAMANDALAM—CASTE-WAR LIST OF PUPILS

167. മിസ്റ്റർ പി. കെ. കുഞ്ഞൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) പെറുതുരുത്തി കലാമണ്ഡലവിദ്യാലയത്തിൽ ഏതെല്ലാം കലകളാണു് ഇപ്പോൾ അഭ്യസിച്ചുവരുന്നതു്;

(ബി) ഓരോ കലകളിലും എത്രവിദ്യാർത്ഥികൾ വീതമാണുള്ളതു്;

(സി) ഓരോ കലകളിലും അഭ്യാസം നടത്തുവാൻ ചേർന്നിട്ടുള്ള വിദ്യാർത്ഥികളുടെ ജാതി തിരിച്ചുള്ള ഒരു പട്ടിക മേശപ്പുറത്തു വെക്കുവാൻ ദയവുണ്ടാകുമോ?

റാവു സാഹിബു് ഐ. എൻ. മേനോൻ;

(എ) കഥകളിയും നൃത്തവും.

(ബി) കഥകളി ൧൫

നൃത്തം ൭

(സി) കഥകളി

നായർ ൯

പുലവാൾ ൨

വാരിയർ ൧

തീയ്യൻ ൧

നൃത്തം

നായർ ൩

തിയ്യൻ ൧

LIBRARY ARCHIVES Kerala Legislative Assembly